**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3854** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് 50 kg കാലിത്തീറ്റയുടെ ചാക്ക് ഒന്നിന് എത്ര രൂപയാണ് സബ്സിഡിയായി നൽകുന്നത്; വ്യക്തമാക്കാമോ? | (എ) | കേരളത്തിൽ വിപണനം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് ( 50 kg) 1450/-രൂപ മുതൽ 1500/- രൂപ വരെ വിലയുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതിയിൽ ഒരു സാമ്പത്തിക വർഷം, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാളിന് എന്ന വിധം ജനറൽ വിഭാഗത്തിന് ഒരു ചാക്ക് കാലിത്തീറ്റയുടെ വിലയ്ക്ക് 50 % സബ്സിഡി ( പരമാവധി 10,000 രൂപ), പട്ടിക വിഭാഗത്തിന് - 75% സബ്സിഡി (പരമാവധി 15,000 രൂപ), പട്ടികവർഗ്ഗ വിഭാഗത്തിന് - 100% സബ്സിഡി (പരമാവധി 20,000) രൂപ എന്നിങ്ങനെയാണ് നൽകി വരുന്നത്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ ആണ്.<br><br>2024-25 സാമ്പത്തിക വർഷം 6.6 കോടി രൂപ കേരള ഫീഡ്സിന് മാർക്കറ്റ് ഇന്റർവെൻ ഷൻ ഫണ്ടായി സർക്കാർ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കേരള ഫീഡ്സിന്റെ വിവിധ ബ്രാന്റുകളിൽ 50 കിലോ ചാക്കൊന്നിന് 40 രൂപ വില കുറച്ചുനൽകിയിരുന്നു. ജൂൺ 2024 മുതൽ കേരള ഫീഡ്സിന്റെ വിവിധ ബ്രാന്റുകളിൽ 35 രൂപ മുതൽ 65 രൂപ വരെ വിലക്കുറവ് നൽകി വരുന്നു.<br><br>2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, കേരളത്തിലെ ക്ഷീരകർഷകർക്ക് വിലക്കുറവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നതിലേയ്ക്കായി സർക്കാർ അനുവദിച്ച 5 കോടിയുടെ ധനസഹായം ഉപയോഗിച്ച് ക്ഷീരകർഷകർക്ക71,430 മെട്രിക് ടൺ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവാൻ കേരള ഫീഡ്സിനു സാധിച്ചു. |

| | | | |
|---|---|---|---|
| | | | നിലവിൽ മിൽമയുടെ മലബാർ മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 250 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ